**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 615** **28-01-2026 - ൽ മറുപടിയ്ക്ക്**

**മെഗാ ഇൻഡസ്ട്രിയൽ പ്രൊജക്റ്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കേരളത്തിൽ ആരംഭിച്ച മെഗാ ഇൻഡസ്ട്രിയൽ പ്രൊജക്റ്റുകളുടെ ജില്ല തിരിച്ചുള്ള കണക്കും വിശദാംശവും ലഭ്യമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കേരളത്തിൽ പ്രവർത്തം ആരംഭിച്ച മെഗാ ഇൻഡസ്ട്രിയൽ പ്രൊജക്റ്റുകളുടെ ജില്ല തിരിച്ചുള്ള വിശദവിവരങ്ങൾ അനുബന്ധം (എ) ആയി ചേർക്കുന്നു.<br><br>അതു കൂടാതെ ആഗോള നിക്ഷേപക സംഗമത്തിൽ പങ്കെടുത്ത് കേരളത്തിൽ വ്യവസായം തുടങ്ങുന്നതിന് താൽപര്യപത്രം സമർപ്പിച്ച (Expression of Interest) കമ്പനികളുടെ വിവരങ്ങൾ അനുബന്ധം (ബി) ആയി ചേർക്കുന്നു.<br><br>അതു കൂടാതെ എറണാകുളം ജില്ലയിൽ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എഫ്.എ.സി.റ്റിയിൽ നിന്നും സംസ്ഥാന സർക്കാർ ഏറ്റെടുത്ത 481.79ഏക്കർ ഭൂമിയിൽ കിൻഫ്ര പെട്രോകെമിക്കൽ പാർക്ക് സ്ഥാപിച്ചിരുന്നു. പെട്രോകെമിക്കൽ പാർക്ക് പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാകുമ്പോൾ 10,000 കോടി രൂപയുടെ നിക്ഷേപവും 10,000ത്തോളം പേർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>**കൊച്ചി-ബാംഗ്ലൂർ വ്യാവസായിക ഇടനാഴി ഭൂമി ഏറ്റെടുക്കൽ :** പുതുശ്ശേരി സെൻട്രൽ, പുതുശേരി വെസ്റ്റ്, കണ്ണമ്പ്ര എന്നിവിടങ്ങളിലെ സ്ഥലങ്ങൾ ഉൾക്കൊള്ളുന്ന 3805 കോടി രൂപ ചെലവു വരുന്ന പാലക്കാട് സംയോജിത ഉൽപ്പാദന ക്ലസ്റ്റർ പദ്ധതിയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കലും ഡി.പി.ആർ റിപ്പോർട്ടും പൂർത്തിയായി. 110 ഏക്കർ ഭൂമിയുടെ ആദ്യഘട്ടം കിൻഫ്ര എസ്.പി.വി-ക്ക് കൈമാറി. കഴിഞ്ഞ വർഷം രാജ്യത്ത് ആകെ അനുവദിക്കപ്പെട്ട 12 വ്യവസായിക ഇടനായി - സ്മാർട്ട് സിറ്റി പദ്ധതികളിൽ അടിസ്ഥാന സൗകര്യവികസനത്തിനുള്ള നടപടിക്രമങ്ങൾ |

| | | | |
|---|---|---|---|
| | | | പൂർത്തിയാകുന്ന ആദ്യ സംസ്ഥാനമാണ് കേരളം. 10,000 കോടി രൂപയുടെ നിക്ഷേപവും ഏകദേശം 22,000 നേരിട്ടും 80,000 പരോക്ഷ തൊഴിലവസരങ്ങളും പാലക്കാട് നോഡിൽ പ്രതീക്ഷിക്കുന്നു.<br><br>**കിൻഫ്ര ഇൻറ്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ & ടെക്സ്റ്റൈൽ പാർക്ക്, (KIITP) പാലക്കാട് (രണ്ടാം ഘട്ടം) :** 226 ഏക്കറിൽ KIITP രണ്ടാം ഘട്ട വികസനപ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള മാസ്റ്റർ പ്ലാൻ, ഇൻഫ്രാസ്ട്രക്ചർ റിപ്പോർട്ട് തയ്യാറാക്കിക്കഴിഞ്ഞു. ആദ്യ ഘട്ടത്തിൽ 74 ഏക്കർ ഭൂമി BPCL ന് അനുവദിച്ചു. KIITP രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ 2026 ഡിസംബറോടുകൂടി പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഈ പദ്ധതികളിലൂടെ ഏകദേശം 2500 തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>**യൂണിറ്റി മാൾ (Capex Scheme)** : ഗ്രാമീണ ഉൽപന്നങ്ങൾക്ക് കൂടുതൽ പ്രോത്സാഹനം നൽകുന്നതിനാണ് യൂണിറ്റി മാൾ നിർമ്മിക്കുന്നത്. സംസ്ഥാനത്തിന്റെ സ്വന്തം "ODOP ഉൽപ്പങ്ങൾ (ഒരു ജില്ല, ഒരു ഉൽപ്പന്നം), G.I ഉൽപ്പന്നങ്ങൾ, മറ്റ് കരകൗശല ഉൽപന്നങ്ങൾ എന്നിവയുടെ പ്രമോഷനും വിൽപ്പനയും, കൂടാതെ മറ്റ് സംസ്ഥാനങ്ങളിലെയും അത്തരം ഉൽപ്പന്നങ്ങൾക്ക് വിപണനത്തിന് ഇടം നൽകുന്നതിന് വേണ്ടിയുള്ള ഒരു പുതിയ ആശയം വളർത്തിയെടുക്കാൻ ലക്ഷ്യമിട്ടുള്ള പദ്ധതിയാണ് യൂണിറ്റി മാൾ. ഈ പദ്ധതിയിലൂടെ ഏകദേശം 2000 പ്രത്യക്ഷ - പരോക്ഷ തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>**ഇന്റർനാഷണൽ എക്സിബിഷൻ കം കൺവെൻഷൻ സെന്റർ** - എറണാകുളം ജില്ലയിലെ കാക്കനാട് 7 ഏക്കർ സ്ഥലത്ത് ഒരു ഇന്റർനാഷണൽ സ്റ്റാൻഡേർഡ് എക്സിബിഷൻ കം കൺവെൻഷൻ സെന്റർ വികസിപ്പിച്ചു. സംസ്ഥാനത്തെ ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് അവരുടെ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കാനും വിവിധ പ്രദർശനങ്ങൾ സംഘടിപ്പിക്കാനും അതുവഴി ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്താനും ഇത് സഹായിക്കും. ഇത് ഏകദേശം 850 പരോക്ഷ തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയിലൂടെ ഓരോ ജില്ലയിലും എത്ര പേർക്ക് തൊഴിൽ ലഭിച്ചു എന്ന കണക്ക് ലഭ്യമാക്കുമോ? | (ബി) | മേൽ (എ) പിരിവിനുള്ള മറുപടി കണ്ടാലും |

സെക്ഷൻ ഓഫീസർ

അനുബന്ധം (എ)

| Sl. No. | Company | Project Title | Project Cost (in Crores) | Expected Employment | District |
|---|---|---|---|---|---|
| 1 | Hilite Group | Shopping mall (8 location) JW Marriot Resort, World Trade Centre, Commercial Tower, Kozhikode | 10000 | 2000 | Kozhikode |
| 2 | BPCL | Petroleum Products-Ernakulam | 10000 | 10000 | Ernakulam |
| 3 | BPCL- Palakkad | POL Terminal with Pipeline receipt facility and addl Parking area for LPG Tankers | 880 | 100 | Palakkad |
| 4 | Dynimated, KXAN Technologies Pvt Ltd | Dynimated design district @ Kochi | 866.88 | | Ernakulam |
| 5 | KEF Hospitality India Pvt. Ltd. | KEF Hospitality India Pvt. Ltd. | 800 | 149 | Malappuram |
| 6 | Bluestar Realtors Limited (Adani Group) | Warehousing & Logistics Park | 600 | 1000 | Ernakulam |
| 7 | Gasha Steels Pvt. Ltd. | Integrated TMT manufacturing plant | 510 | 200 | Palakkad |
| 8 | Boby Chemmannur International | Boche shoppertainment and cultural park | 500 | 1000 | Thrissur |
| 9 | BMH Care Hospitals | Multi Speciality Hospital | 500 | 2000 | Ernakulam |
| 10 | Kalyan Silks Trichur Pvt Ltd | Kalyan Silks Thrissur | 500 | 650 | Thrissur |
| 11 | NRI Project Management India PVT Ltd | Hussain City -Township Project | 500 | 2500 | Malappuram |
| 12 | KMCT Group of Institutions | KMCT Info City | 500 | 500 | Kasaragod |

സെക്ഷൻ ഓഫീസർ

അനുബന്ധം (ബി)

| Sl. No. | Company | Project Title | Project Cost (in Crores) | Expected Employment | District |
|---|---|---|---|---|---|
| 1 | Karan Adani | Port Related | 30000 | | Thiruvananthapuram |
| 2 | Alhind Air - An | Alhind Air | 3000 | 400 | Ernakulam |
| 3 | Capkon Group of Companies | Multiple Infrastructure Projects (Convention Centre, Business Centres and Residential Apartments) | 2122 | 3500 | Kozhikode |
| 4 | KMCT Group of Institutions | KMCT Health City | 2000 | 4000 | Kozhikode |
| 5 | Brigade Enterprises Ltd. | 1. World Trade Centre IT office in Techno Park 2. Business Hotel in TVM 3.Luxury resort in Vaikom 4.World Trade Centre IT office New Tower in Kochi 5.Residential in Kochi | 1500 | 12000 | Ernakulam |
| 6 | Kochuthommen Associates | Cine verse - An integrated film city | 1000 | 5000 | Thrissur |
| 7 | KMCT Group of Institutions | KMCT Research Park | 1000 | 2000 | Kozhikode |
| 8 | KMCT Group of Institutions | KMCT Edu City | 1000 | 1500 | Kozhikode |
| 9 | Tecil Chemicals and Hydropower Ltd | Tecil | 712 | 1800 | Kottayam |
| 10 | Oasis Commercial Pvt. Ltd. | To set up ethanaole /ENA, Brewery and malt production facility along with liquor (IMFL and Wine) and co generation power plant in the state of Kerala | 631.94 | 650 | Palakkad |

| | | | | | |
|---|---|---|---|---|---|
| 11 | Pravasi Global Industrial Park India Pvt Ltd | Pravasi Township Project | 600 | | Kannur |
| 12 | ULCCS | 2nd Cyber Park | 600 | 3000 | Kozhikode |
| 13 | PEEVEEKAY PROPERTIES AND HOTELS PVT LTD | International Shopping Mall and Multiplex Complex | 550 | 2500 | Kozhikode |
| 14 | Daya General Hospital | Advanced Cancer/Diagnostic/Maternity Center & Acquisition of 2 hospitals | 500 | 3200 | Thrissur |
| 15 | JSR Deeds and Documents | Sustainable tourism and economic growth | 500 | 500 | Malappuram |
| 16 | Polakulath Narayanan Renai Medicity | Hospital Project | 500 | 2000 | Thrissur |
| 17 | KMCT Group of Institutions | KMCT Staycation | 500 | 150 | Kozhikode |
| 18 | KMCT Group of Institutions | KMCT Innovation & Incubation Park | 500 | 750 | Kozhikode |

സെക്ഷൻ ഓഫീസർ